**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1637** **08-12-2022 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയിലെ നിർമ്മാണ നിരോധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2019 ആഗസ്റ്റ് 22-ന് ഇടുക്കി ജില്ലയിൽ ഏർപ്പെടുത്തിയ നിർമ്മാണ നിരോധനം പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) | കോടതി വിധികളുടെ അടിസ്ഥാനത്തിലാണ് ഇടുക്കി ജില്ലയിൽ നിർമ്മാണ നിരോധനം നടപ്പിലാക്കേണ്ടി വന്നത്. ഇത് മൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കാൻ ആവശ്യമായ നിയമനിർമ്മാണം സർക്കാർ ആലോചിച്ച് വരികയാണ്. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് 17.12.2019-ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന സർവ്വകക്ഷി യോഗത്തിലെ തീരുമാനങ്ങളും അതിൻമേൽ സ്വീകരിച്ച തുടർനടപടികളും വിശദമാക്കുമോ; | (ബി) | 22.08.2019ൽ പുറപ്പെടുവിച്ച സ.ഉ(കൈ) 269/2019/RD എന്ന സർക്കാർ ഉത്തരവിൽ ഇടുക്കിയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ക്രിയാത്മകമായ തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് 17.12.2019 തീയതിയിൽ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന സർവകക്ഷി യോഗത്തിന്റെ മിനിട്ട്സ് അനുബന്ധമായി ചേർക്കുന്നു. ഇതിനെ തുടർന്ന് ഈ തീരുമാനങ്ങൾ നടപ്പിലാക്കാൻ ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ നിരവധി യോഗങ്ങൾ ചേർന്ന് തീരുമാനങ്ങൾ നടപ്പിലാക്കി വരികയാണ്. ഇടുക്കി ജില്ലയിലെ ഭൂപ്രശ്നങ്ങളുടെ പരിഹാരത്തിനായി 1960 ലെ കേരള ഭൂമി പതിവ് നിയമത്തിലും 1964 ലെ കേരള ഭൂമി പതിവ് ചട്ടത്തിലും ഭേദഗതി വരുത്തുന്ന നടപടികൾ നടന്നു വരികയാണ്. |
| (സി) | നിർമ്മാണ നിരോധനം സംബന്ധിച്ച കേസുകളിൽ കോടതി നൽകിയ നിർദേശങ്ങളും അവ നടപ്പിലാക്കിയതിന്റെ വിശദാംശവും നൽകുമോ; | (സി) | ബഹു. കേരളാ ഹൈക്കോടതി WP© 32143/2016, 32145/2016 എന്നീ കേസുകളിൽ 14/11/2016-ൽ പുറപ്പെടുവിച്ചിട്ടുള്ള വിധിയിൽ, കാർഷികാവശ്യത്തിനു പതിച്ചുനൽകപ്പെട്ട ഭൂമിയിൽ വാണിജ്യപരമായ കെട്ടിടനിർമ്മാണം അനുവദനീയമല്ല എന്ന് ഉത്തരവുള്ളതാണ്.വാണിജ്യാവശ്യങ്ങൾക്കായി നിർമ്മാണം ആരംഭിച്ചിട്ടുള്ളതും റവന്യൂ വകുപ്പ് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതുമായ മൂന്നാർ മേഖലയിലെ നിരവധി കെട്ടിടങ്ങൾ സംബന്ധിച്ച് വിവിധ കേസുകൾ ബഹു. ഹൈക്കോടതിയിൽ |

| | | | |
|---|---|---|---|
| | | | നടപടിയിലിരിക്കുന്നു. WP© 17983/2019 നം കേസിലെ ബഹു.ഹൈക്കോടതിയുടെ 25.06.2020 ലെ വിധിന്യായത്തിന്റെ വെളിച്ചത്തിൽ ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട് possession certificate നുള്ള അപേക്ഷയിൽ നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്ന ഭൂമി, കേരള ലാന്റ് അസൈൻമെന്റ് ആക്ട്, 1960 പ്രകാരം ഒരു പ്രത്യേക ആവശ്യത്തിനായി പതിച്ചു നൽകിയതാണോ / അല്ലയോ എന്ന വിഷയം കൂടി ബന്ധപ്പെട്ട വില്ലേജ് ഓഫീസർ പരിശോധിക്കേണ്ടതാണെന്നും, ഭൂമി പതിവ് ചട്ടപ്രകാരം ഒരു പ്രത്യേക ആവശ്യത്തിന് പതിച്ചു നൽകിയ ഭൂമിയാണെങ്കിൽ ആവിവരം കൂടി രേഖപ്പെടുത്തി മാത്രമെ ബന്ധപ്പെട്ട റവന്യൂ അധികാരികൾ possession certificate അനുവദിക്കുവാൻ പാടുള്ളൂവെന്നും നിർദ്ദേശം നൽകി 02/12/2020 ൽ G.O.(Ms)No.290/2020/RD നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.<br><br>274/2021 നമ്പർ കോടതിയലക്ഷ്യകേസിലെ 08/09/2021ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കൈവശാവകാശ സർട്ടിഫിക്കറ്റിനുള്ള അപേക്ഷയോടൊപ്പം ഭൂമി പട്ടയം ലഭിച്ചതാണോ അല്ലയോ എന്നതിൽ ഒരു സത്യവാങ്മൂലം അപേക്ഷകൻ നൽകണമെന്ന് നിഷ്കർഷിച്ചുകൊണ്ട് 01/10/2021ൽ റവ/ എ2/49/2021 നമ്പർ സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി.<br><br>WP(C) 11249/ 2010 നമ്പർ കേസിൽ ബഹു. ഹൈക്കോടതി ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ഡിവിഷൻ ബെഞ്ചിന്റെ 25/05/2022 ലെ വിധിന്യായ പ്രകാരം പട്ടയ ഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ല എന്ന് ഉത്തരവായിട്ടുണ്ട്. |
| (ഡി) | 1964-ലെയും 1993-ലെയും ഭൂപതിവ് ചട്ടങ്ങളിലെ നിബന്ധനകളായ കൃഷി, വീട് നിർമ്മാണം, പട്ടയ ഭൂമിയോട് ചേർന്ന് കിടക്കുന്ന ഭൂമിയുടെ അനുഭാവ ഉപയോഗം, കടമുറി നിർമ്മാണം എന്നിവ ഇടുക്കി ജില്ലയിൽ മാത്രം നടപ്പിലാക്കുന്നതിനുള്ള കാരണം വിശദമാക്കുമോ? | (ഡി) | 1964 ലെയും 1993 ലെയും ഭൂ പതിവ് ചട്ടങ്ങളിലെ നിബന്ധനകൾ ഇടുക്കി ജില്ലയ്ക്ക് മാത്രമല്ല സംസ്ഥാനമൊട്ടാകെ ബാധകമാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം-2.

**ഇടുക്കി ജില്ലയിലെ ഭൂപ്രശ്നങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും സംബന്ധിച്ച് 22/8/2019-ലെ GO(Ms) 269/2019/റവ, 14-10-2019-ലെ GO(Ms) 310/2019/റവ എന്നീ ഉത്തരവുകളുമായി ബന്ധപ്പെട്ടും ജനങ്ങൾക്കുണ്ടായ ആശങ്കകൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 17.12.2019-ന് കൂടിയ സർവ്വകക്ഷി യോഗത്തിന്റെ നടപടിക്കുറിപ്പ്.**

യോഗം കൃത്യം 10.30 ന് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

2. യോഗത്തിന് ആമുഖമായി ഇടുക്കിയിലെ ഭൂപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ നടത്തിയ ഇടപെടലുകളുടെ ഭാഗമായി യോഗങ്ങൾ ചേർന്നിട്ടുള്ളതിനെക്കുറിച്ചും അതിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുള്ള തീരുമാനങ്ങളെക്കുറിച്ചും ബഹു.മുഖ്യമന്ത്രി സംക്ഷിപ്തമായി വിശദീകരിക്കുകയുണ്ടായി. കൂടാതെ One Earth One Life എന്ന സംഘടന ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള WP(C) 34095/2009, WP(C) 1801/2010 എന്നീ കേസുകളിൽ 21.1.2010-ൽ ഉണ്ടായ ഇടക്കാല വിധിന്യായത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് മൂന്നാർ പ്രദേശത്ത് റവന്യൂ വകുപ്പിന്റെ NOC നിർബന്ധമാക്കി സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുള്ളത് എന്നും പ്രസ്തുത ഇടക്കാല വിധിന്യായത്തിന്റെ തുടർച്ചയായാണ് 22/8/2019-ലെ GO(Ms) 269/2019/റവ, 16/10/2019-ലെ GO(Ms) 310/2019/റവ എന്നിവ പുറപ്പെടുവിച്ചിട്ടുള്ളത് എന്നും പ്രസ്തുത ഉത്തരവ് ജനങ്ങൾക്കിടയിൽ ആശങ്കകൾ സൃഷ്ടിക്കുന്നതിന് കാരണമായി എന്നതിനാലാണ് ഇത്തരമൊരു സർവ്വകക്ഷിയോഗം വിളിച്ചു ചേർത്തിട്ടുള്ളതെന്നും ബഹു.മുഖ്യമന്ത്രി വ്യക്തമാക്കുകയുണ്ടായി. തുടർന്ന് യോഗത്തിൽ പങ്കെടുത്ത പ്രതിപക്ഷ നേതാവും എം.പിയും എം.എൽ.എ മാരും വിവിധ കക്ഷിനേതാക്കളും അടക്കമുള്ള ജനപ്രതിനിധികളോട് ഈ വിഷയം സംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള വിഷയങ്ങൾ അവതരിപ്പിക്കുന്നതിനാവശ്യപ്പെടുകയുണ്ടായി.

3. ചർച്ചയിൽ പ്രധാനമായും മേൽ പരാമർശിച്ച ഉത്തരവുകൾ ഉണ്ടാക്കാവുന്ന പ്രശ്നങ്ങളും അവയ്ക്ക് സ്വീകരിക്കാവുന്ന പരിഹാരമാർഗ്ഗങ്ങളുമാണ് ജനപ്രതിനിധികൾ ഉന്നയിച്ചത്. അല്ലാതുള്ള പ്രശ്നങ്ങളും ഇടയ്ക്ക് ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ജനപ്രതിനിധികളും രാഷ്ട്രീയ കക്ഷിനേതാക്കളും ഉന്നയിച്ച പ്രശ്നങ്ങളുടെയും ആവശ്യങ്ങളുടെയും സംക്ഷിപ്ത വിവരണം ചുവടെ ചേർക്കുന്നു;

Beneficial Enjoyment വ്യവസ്ഥ പ്രകാരം പട്ടയം അനുവദിച്ച ഭൂമിയിൽ റോഡ്, ആരാധനാലയങ്ങൾ, സ്കൂൾ, ആശുപത്രികൾ എന്നിവ നിർമ്മിച്ചിട്ടുണ്ടെങ്കിൽ അപ്രകാരമുള്ള നിർമ്മിതികൾ സംബന്ധിച്ച് സ്വീകരിക്കുന്ന സമീപനം എന്തായിരിക്കും?

മേൽ പരാമർശിച്ച ഉത്തരവിൻ പ്രകാരം പട്ടയ ഭൂമിയിലെ 1500 സ്ക്വ.ഫീറ്റ് വരെയുള്ള നിർമ്മിതികൾ സംബന്ധിച്ച് ഓരോന്നിലും ജില്ലാ കളക്ടറുടെ ഉത്തരവ്, NOC ആവശ്യമായി വരുന്നു എന്നുള്ളതും ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്ന വ്യവസ്ഥയാണ്. ഹൈക്കോടതിയുടെ ഇടക്കാല വിധിന്യായം നിലവിലുള്ള ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമാണ് എന്നതിനാൽ ചട്ടങ്ങളുടെ ഭേദഗതിയാണ് ആവശ്യം. നിലവിലുള്ള ഉത്തരവിൽ മൂന്നാർ മേഖലയായി പരിഗണിച്ചിട്ടുള്ള 8 വില്ലേജുകളിൽ മൂന്നാറിൽ നിന്ന് 100 KM അകലെയുള്ള ആനവിലാസം വില്ലേജ് ഉൾപ്പെട്ടിട്ടുണ്ട് എന്നാൽ മൂന്നാറിനുവേണ്ടി പുറപ്പെടുവിച്ച ടി ഉത്തരവിൽ മൂന്നാർ ഉൾപ്പെട്ടിട്ടുമില്ല.

മൂന്നാർ മേഖലയിൽത്തന്നെയുള്ള KDH -ൽ തന്നെ ഒരു ഭാഗം മാത്രം ടി ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇത്തരം വൈരുദ്ധ്യങ്ങൾ പരിശോധിച്ച് മൂന്നാർ സംരക്ഷണത്തിന് എത്ര ഏരിയയാണ് യഥാർത്ഥത്തിൽ പരിഗണിക്കേണ്ടത് എന്നത് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി അവിടെ മാത്രം നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് പരിശോധിക്കാവുന്നതാണ്. വൻകിട നിർമ്മാണങ്ങളില്ലാത്ത കാർഷിക മേഖല പൂർണ്ണമായും മേൽപ്പരാമർശിച്ച ഉത്തരവിന്റെ പരിധിയിൽ നിന്നൊഴിവാക്കുന്ന നിലപാട് സ്വീകരിക്കേണ്ടതുണ്ട്. വൻകിട നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട് പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടെങ്കിൽ സെസ്സോ നഷ്ടപരിഹാരമോ ഈടാക്കി ആയത് മുഴുവൻ റഗുലൈറസ് ചെയ്യുകയും തുടർന്ന് ഇപ്രകാരമുള്ള നിർമ്മാണം തടയുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം. വീടുവയ്ക്കുന്നതിന് 15 സെന്റ് എന്ന പരിധി ഒഴിവാക്കി ഉപജീവനത്തിനുൾപ്പെടെ എന്ന് ഭേദഗതി വരുത്തി കേരള ഭൂമി പതിവ് ചട്ടങ്ങൾ ഭേദഗതി ചെയ്യേണ്ടതുണ്ട്. കൂടാതെ beneficial enjoyment-ന്റെ limit ഒഴിവാക്കി നൽകുന്നതും NOC ഇല്ലാതെ നടത്തിയിട്ടുള്ള വാണിജ്യ നിർമ്മാണ പ്രവർത്തനങ്ങൾ റഗുലറൈസ് ചെയ്യുന്നതിന് Slab നിശ്ചയിക്കുന്നതും പരിഗണിക്കാവുന്നതാണ്. മൂന്നാർ ഏരിയ പുനർ നിശ്ചയിച്ച് പരിസ്ഥിതിക്കനുയോജ്യമായ തരത്തിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾകൊണ്ടു വരുന്നത് പരിഗണിക്കാവുന്നതാണ്. ഇടുക്കിക്കോ, മൂന്നാറിനോ മാത്രമായി പ്രത്യേക ചട്ടം കൊണ്ടുവരുന്നത് വിവേചനമാണ്. കേരളത്തിൽ എവിടെയുമുള്ള ചട്ടങ്ങൾ മാത്രമേ ഇടുക്കിക്കും ബാധകമാക്കാവൂ. 1974-ലെ Land Board Award, KDH Act എന്നിവ കൃത്യമായി നടപ്പിലാക്കുന്നതിനും നിർമ്മാണങ്ങളിൽ, നിലകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതും പരിഗണിക്കാവുന്നതാണ്. കർഷകന്റെ കൈവശമുള്ള ഭൂമിയുടെ 25% ഏതുതരം നിർമ്മാണ പ്രവർത്തനങ്ങൾക്കും ഉപയോഗിക്കാവുന്ന വിധത്തിൽ ഭൂമി പതിവു ചട്ടങ്ങൾ ഭേദഗതി വരുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. ടൂറിസം സോണുകൾ നിശ്ചയിച്ച് ടി പ്രദേശങ്ങളിൽ മറ്റ് യതൊരുതരം നിർമ്മാണ പ്രവർത്തനങ്ങളും അനുവദിക്കാതെ സംരക്ഷിക്കുന്നത് പരിഗണിക്കാവുന്നതാണ്. മൂന്നാറിന്റെ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള വികസനമാണ് ആവശ്യം. മൂന്നാറിന് സ്വയം ഭരണ അവകാശമുള്ള ഒരു മൂന്നാർ ഡവലപ്പ്മെന്റ് കൗൺസിൽ എന്നത് പരിഗണിക്കാവുന്നതാണ്. ഇടുക്കിയെക്കുറിച്ച് കൈക്കൊള്ളുന്ന ഏതു തീരുമാനവും വരും തലമുറയ്ക്ക് വേണ്ടിക്കൂടിയുള്ളതാണെന്ന വസ്തുതയും ഇന്ത്യയിലെ ഏറ്റവും പരിസ്ഥിതിലോലമായ മേഖലയാണ് ഇടുക്കിയും മൂന്നാറും എന്നുള്ള വസ്തുതയും പരിഗണിച്ചു വേണം തീരുമാനം കൈക്കൊള്ളേണ്ടത്. അനധികൃത നിർമ്മാണങ്ങളെല്ലാം റഗുലറൈസ് ചെയ്തു നൽകുന്നത് ശരിയല്ല. അത് തെറ്റായ സന്ദേശം ജനങ്ങളിലെത്തുന്നതിന് കാരണമാകും. നിയമ വിധേയമായി നടപടി സ്വീകരിക്കാവുന്നവയ്ക്ക് കാലതാമസം ഒഴിവാക്കി നടപടി സ്വീകരിക്കുകയും കൃഷിക്കും, ഉപജീവനത്തിനും വേണ്ടിയുള്ള ഭൂവിനിയോഗത്തിന് കർക്കശമായ നിയമങ്ങളോ / പ്രത്യേകം നിയമ നിർമ്മാണമോ നടത്തുന്നതും പരിഗണിക്കാവുന്നതാണ്. പരിധിയില്ലാതെ / നിയന്ത്രണമില്ലാതെ നിർമ്മാണങ്ങൾ അനുവദിക്കുന്നത് ശരിയല്ല. നിയന്ത്രണങ്ങൾ എത്രയാകാം എന്ന് തീരുമാനിച്ച് ആയത് ജനങ്ങളെ ബോധ്യപ്പെടുത്തി നടപടി സ്വീകരിക്കുന്നതാണുചിതം. തത്ക്കാലം ഉത്തരവ് മരവിപ്പിച്ച് സമഗ്ര പരിശോധനയ്ക്കുശേഷം നടപ്പിലാക്കുന്നത് പരിഗണിക്കാവുന്നതാണ്.

1964-ലെയും 1993-ലെയും ഭൂമി പതിവ് ചട്ടങ്ങളിൽ കാലോചിതമായ ഭേദഗതി വരുത്തണമെന്നത് ചർച്ചയിൽ പൊതുവെ എല്ലാ കക്ഷികളും ആവശ്യപ്പെടുകയുണ്ടായി. ഇടുക്കി ജില്ലയിൽ പട്ടയം അനുവദിക്കുന്നതിനുള്ളതും വിവിധ കാരണങ്ങളാൽ പട്ടയം അനുവദിക്കാത്തതുമായ പ്രദേശങ്ങളിൽ (ഉദാഹരണത്തിന് ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശങ്ങൾ, അയ്യപ്പൻ കോവിൽ, കാഞ്ചിയാർ, ഉടുമ്പൻചോല, കഞ്ഞിക്കുഴി, പീരുമേട് തുടങ്ങിയവ) പട്ടയം

അനുവദിക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. മരം മുറി സംബന്ധിച്ച് ചട്ടങ്ങളിലുള്ള തടസ്സം നീക്കുന്നതിനും 1992-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 13 ഭേദഗതി ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. 1/1/71-ന് മുൻപ് ആദിവാസികളിൽ നിന്ന് കൈമാറി വാങ്ങിയ ഭൂമിക്കും, എസ്റ്റേറ്റുകളിൽ നിന്ന് മുറിച്ചുവിറ്റ ഭൂമിക്കും പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. ആദിവാസികൾക്ക് പട്ടയം അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. ടൂറിസം പ്രാധാന്യമുള്ള വാഗമൺ സംരക്ഷിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതുണ്ട്. റവന്യൂ വകുപ്പിന്റെ NOC ഇല്ലാതെ നടത്തിയിട്ടുള്ള നിർമ്മാണങ്ങൾക്ക് slab നിശ്ചയിച്ച് പിഴ ഈടാക്കി നിർമ്മാണം ക്രമവൽക്കരിച്ച് നൽകാവുന്നതാണ്. മൂന്നാറിനുവേണ്ടി പ്രത്യേക ഭൂവിനിയോഗ ചട്ടമുണ്ടാക്കുന്നത് പരിഗണിക്കാവുന്നതാണ്. നിലവിൽ പട്ടയം അനുവദിച്ചിട്ടില്ലാത്ത മൂന്നുചെയിൻ മേഖലയിലുള്ളവർക്കും പട്ടയം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മൂന്നാറിൽ കയ്യേറ്റവും, അനധികൃത നിർമ്മാണങ്ങളും, കള്ളപ്പട്ടയങ്ങളും വ്യാപകമായി ഉണ്ട് എന്നുള്ളത് വസ്തുതയാണ് എങ്കിലും ഒരു ജില്ലയിലെ മുഴുവൻ ജനതയെയും ബുദ്ധിമുട്ടിലാക്കുന്ന ഒരു നിലപാട് ഖേദകരമാണ്. മൂന്നാറിൽ 1500 sq.feet ന് മുകളിലുള്ള നിർമ്മിതികളും വ്യാപാരസ്ഥാപനങ്ങളും ധാരാളമുണ്ട് എന്ന വസ്തുത പരിഗണിച്ച് ഉത്തരവിൽ മാറ്റം വരുത്തേണ്ടതാണ്. മൂന്നാറിൽ KDH വില്ലേജിൽ 5000 ഏക്കർ ഏറ്റെടുത്ത് ടൗൺഷിപ്പ് ആക്കുന്നത് പരിഗണിക്കാവുന്നതാണ്. പരിസ്ഥിതി സംരക്ഷണമാണ് ഉദ്ദേശമെങ്കിൽ western ghat മുഴുവൻ സംരക്ഷിക്കേണ്ടതല്ലേ?.................... തുടങ്ങി വിവിധ ആശങ്കകളും നിർദ്ദേശങ്ങളും ജനപ്രതിനിധികൾ മുന്നോട്ടു വയ്ക്കുകയുണ്ടായി.

4. ജനപ്രതിനിധികളും വിവിധ കക്ഷിനേതാക്കളുടെ ആശങ്കകളും ആവശ്യങ്ങളും ഉന്നയിച്ചതിനൊടുവിൽ ചുവടെ ചേർക്കും പ്രകാരം ബഹു. മുഖ്യമന്ത്രി യോഗം ഉപസംഹരിക്കുകയുണ്ടായി.

മൂന്നാർ പ്രത്യേകമായി സംരക്ഷിക്കപ്പെടേണ്ടതാണ് എന്ന വസ്തുത പരിഗണിച്ച് ആയതിനായി എന്തൊക്കെചെയ്യാം എന്നത് പരിശോധിച്ച് സഹായകരമായ നിലപാട് സ്വീകരിക്കാവുന്നതാണ്. മൂന്നാർ സന്ദർശിക്കുന്ന ടൂറിസ്റ്റുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിനൊപ്പം അവിടുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കും നിയന്ത്രണം ഏർപ്പെടുത്തേണ്ടതുണ്ട്. പ്രസ്തുത പ്രദേശത്തിന്റെ പ്രത്യേകത സംരക്ഷിക്കുന്നതിനുവേണ്ടി മൂന്നാറിന് പ്രത്യേക കെട്ടിട നിർമ്മാണചട്ടം / ടൗൺപ്ലാനിംഗ് സംവിധാനം ആവശ്യമാണ്. ബോധപൂർവ്വവും, ചട്ടങ്ങൾ പാലിക്കാതെയും ഉള്ള വൻകിട നിർമ്മാണങ്ങൾ സംരക്ഷിക്കുന്ന ഒരു നിലപാട് സ്വീകരിക്കുന്നതല്ല. നിയമപ്രകാരം നിർമ്മിതികൾ നടത്തിയിട്ടുള്ളവരെ സംരക്ഷിക്കുന്ന നിലപാട് സ്വീകരിക്കുന്നതും മൂന്നാർ ഏരിയ നിജപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതും പരിഗണിക്കാവുന്നതാണ്. പൊതുവെ ചർച്ചയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് കോടതിയുടെ അനുമതിയോടെമാത്രം ഈ വിഷയത്തിൽ സ്വീകരിക്കാവുന്ന നടപടികൾ പരിശോധിക്കുന്നതാണ്. കൂടാതെ ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ തുടങ്ങിയവയുടെ വിഷയത്തിൽ സ്വീകരിക്കാവുന്ന നടപടികളും പരിശോധിക്കേണ്ടതുണ്ട്. ഇടുക്കിയിലെ സാധാരണക്കാരായ ജനങ്ങളെയും കർഷകരെയും പരിഗണിച്ച് ചർച്ചയിൽ ഉയർന്ന നിർദ്ദേശങ്ങൾ പരിശോധിച്ച് പോസിറ്റീവായ നിലപാട് സ്വീകരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## മീറ്റിംഗിൽ പങ്കെടുത്തവരുടെ പേരു വിവരങ്ങൾ

| ക്രമ നമ്പർ | പേരും, ഉദ്യോഗപ്പേരും |
| --- | --- |
| 1 | ബഹു.മുഖ്യമന്ത്രി |
| 2 | ബഹു.റവന്യു വകുപ്പ് മന്ത്രി |
| 3 | ബഹു. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി |
| 4 | ബഹു. ഊർജ്ജ വകുപ്പ് മന്ത്രി |
| 5 | ശ്രീ.രമേശ് ചെന്നിത്തല, ബഹു. പ്രതിപക്ഷ നേതാവ്, |
| 6 | ശ്രീ.ഡീൻ കുര്യാക്കോസ് എം.പി. |
| 7 | ശ്രീമതി. ബിജിമോൾ എം.എൽ.എ |
| 8 | ശ്രീ.എസ്. രാജേന്ദ്രൻ എം.എൽ.എ |
| 9 | ശ്രീ. റോഷി അഗസ്റ്റിൻ എം.എൽ.എ |
| 10 | ശ്രീ.പി.സി.ജോർജ് എം.എൽ.എ |
| 11 | ശ്രീ.ടോം ജോസ് ഐ.എ.എസ്, ചീഫ് സെക്രട്ടറി |
| 12 | ശ്രീ.വേണു വി. ഐ.എ.എസ്, പ്രിൻസിപ്പൽ സെക്രട്ടറി (റവന്യു) |
| 13 | ശ്രീമതി. ലത സി.എ. ഐ.എ.എസ്, ലാൻഡ് റവന്യു കമ്മീഷണർ |
| 14 | ശ്രീ.എച്ച്.ദിനേശൻ ഐ.എ.എസ്, ജില്ല കളക്ടർ, ഇടുക്കി |
| 15 | ഡോ.രേണുരാജ് ഐ.എ.എസ്, Staff Officer to Chief Secretary |
| 16 | ശ്രീ.കെ.ജെ തോമസ്,<br>സ്റ്റേറ്റ് ജനറൽ സെക്രട്ടറി,<br>കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്), |
| 17 | ശ്രീ. കെ.കെ. ജയചന്ദ്രൻ,<br>കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്), |
| 18 | ശ്രീ.ഷെയ്ക്ക് പി ഹരീഷ്, LJD |
| 19 | ശ്രീ.വി.ജി.പ്രസന്നകുമാർ,<br>ആർ.എസ്.പി. സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം |
| 20 | ശ്രീ.കെ.എം.തോമസ്<br>ജനതാദൾ ഇടുക്കി ജില്ലാ സെക്രട്ടറി ജനറൽ |
| 21 | ശ്രീ.എം.കെ.ജോസഫ്,<br>ജനതാദൾ (എസ്) സംസ്ഥാന എക്സിക്യൂട്ടീവ് അംഗം |

22 ശ്രീ. കെ.പ്രകാശ് ബാബു,
അസിസ്റ്റന്റ് സെക്രട്ടറി, സി.പി.ഐ

23 ശ്രീ.കെ.കെ.ശിവരാമൻ,
സി.പി.ഐ. ഇടുക്കി ജില്ലാ സെക്രട്ടറി

24 ശ്രീ.ജോണി നെല്ലൂർ,
കേരള കോൺഗ്രസ് (ജെ) ചെയർമാൻ

25 ശ്രീ.റോയി.കെ.പൊലോസ്, കോൺഗ്രസ്

26 അഡ്വ.ഇബ്രാഹിംകുട്ടി, കല്ലൂർ
ഡി.സി.സി പ്രസിഡന്റ്, ഇടുക്കി

27 ശ്രീ.റ്റി.എം.സലിം,
സ്റ്റേറ്റ് സെക്രട്ടറി, I.U.M.L,

28 ശ്രീ.എം.റ്റി.രമേശ്,
ജനറൽ സെക്രട്ടറി, ഭാരതീയ ജനതാ പാർട്ടി

29 ശ്രീ.സി. വേണുഗോപാലൻ നായർ,
സ്റ്റേറ്റ് സെക്രട്ടറി, കേരള കോൺഗ്രസ് (ബി)

30 പ്രഫ. എം.ജെ.ജേക്കബ്, കേരള കോൺഗ്രസ് (എം)

31 ശ്രീ.സലീം പി മാത്യു, ജനറൽ സെക്രട്ടറി, NCP

സെക്ഷൻ ഓഫീസർ